

# വസന്തം

## ഡിജിറ്റൽ മാഗസിൻ 2019-20



ലിറ്റിൽ കൈറ്റ്സ് ഐ .ടി ക്ലബ് ,

ഗവ.എച്ച്.എസ്, ചക്കുവരയ്ക്കൽ

LittleKITEs Unit No:LK/2018/39080

chakkuvarakkalschool@gmail.com

Phone: 04742403622

# എഡിറ്റോറിയൽ

വിവരസാങ്കേതികവിദ്യയുടെ അവസരങ്ങൽ
ഞങ്ങൾക്കു നല്കിയതിലൂടെ
' ജ്വാല ' എന്ന ഞങ്ങളുടെ കുഞ്ഞുമാഗസീൻ
സഫലമാക്കാൻസാധിച്ചു. മാഗസിന്റെ
നിർമ്മാണത്തിൽ
പരിമിതികളെ
അതിജീവിക്കാനും
അവസരങ്ങളെ പരമാവധി
പ്രയോജനപ്പെടുത്തുകയും
ചെയ്യുകയാണ്.
വളരെയധികം സന്തോഷത്തോടെ
ഞങ്ങൾ തയ്യാറാക്കിയ
ഇ-മാഗസീൻ നിങ്ങൾക്കായി
സമർപ്പിക്കുന്നു .




അച്യുത് .സി, അഞ്ജന എ
(ടീം ലീഡേഴ്സ്,
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ )

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ വീണ്ടുമൊരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷവും അഭിമാനവുമുണ്ട്. സർഗാത്മകതയെ വിവരസാങ്കേതികവിദ്യയിലൂടെ ഫലപ്രദമായി അവതരിപ്പിക്കാനും കഴിവുകൾ പരിപോഷിപ്പിക്കാനും ഇത് പ്രയോജനപ്പെടും . ഡിജിറ്റൽമാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു .



മാത്യുക്കുട്ടി . കെ .കെ.

പ്രഥമാധ്യാപകൻ




# ആമയും കൊക്കും



*ആര്യ എസ്, 9 എ*

ഒരിടത്തൊരു ആൺകൊക്കുംപെൺകൊക്കും ഉണ്ടായിരുന്നു.അവരുടെതാമസംഒരുത ടാകത്തിനടുത്തായിരുന്നു.കൊക്കുകൾ ക്ക് ഒരു കൂട്ടുകാരനുണ്ടായിരുന്നു.ഒരു കുഞ്ഞൻ ആമ.ആ വർഷം ആ പ്രദേശത്ത് മഴ പെയ്തതേയില്ല.അവർ അത്ഭുതത്തോടെ തടാകത്തിലേക്ക് നോക്കി.പെട്ടന്നാണ് അത് സംഭവിച്ചത് തടാകം വറ്റിവരളാൻ തുടങ്ങിയിരിക്കുന്നു.എവിടെയെങ്കിലും വെള്ളം കിട്ടുമോ എന്നന്വേഷിച്ച് കൊക്കുകൾ രണ്ടും ദൂരേയ്ക്ക് പറന്ന് പോയി. കുറേ പറന്ന് ചെന്നപ്പോഴാണ് അത് കണ്ടത് അങ്ങ് അകലത്തായി ഒരു പച്ച വിരിച്ച കുന്ന്. കുന്നിന്റെ മറുവശത്ത് കൊക്കുകൾ ഒരു കുളവും കണ്ടെത്തി. വെള്ളം നിറഞ്ഞ ആ കുളത്തിന്റെ കരയിലേക്ക് താമസം മാറ്റാൻ കൊക്കുകൾ തീരുമാനിച്ചു. ആ തീരുമാനം കൊക്കുകൾ ആമയെ അറിയിച്ചു. അത് കേട്ടപ്പോൾ ആമയ്ക്ക് വലിയ സങ്കടമായി. "എന്നെക്കൂടെ കൊണ്ടുപോകുമോ? അല്ലെങ്കിൽ വെള്ളം കിട്ടാതെ ഞാൻ ചത്ത് പോകും.'' ആമ പറഞ്ഞു."എങ്ങനെയാണ് നിന്നെ ഞങ്ങൾ കൊണ്ടു പോവുക?.ആ സ്ഥലം ഇവിടെ നിന്ന് വളരെ ദൂരെയാണ്. നിനക്ക് പറക്കാൻ കഴിയില്ലല്ലോ?'' കൊക്കുകൾക്ക് സങ്കടം ആയി.പക്ഷേ ആമ അവരെ നിർബന്ധിക്കാൻ തുടങ്ങി.



ഒടുവിൽ കൊക്കുകൾ ഒരു വഴി കണ്ടെത്തി.അവർ ഒരു കമ്പുമായി പറന്ന് വന്നിട്ട് അതിൽ കടിച്ച് പിടിക്കാൻ ആമയോട് പറഞ്ഞു. "വാ തുറക്കരുത്.തുറന്നാൽ പിടി വിട്ട് താഴെ വീണ് ചത്ത് പോകും.'' കൊക്കുകൾ ആമയ്ക്ക് മുന്നറിയിപ്പ് നൽകി.കൊക്കുകൾ പറഞ്ഞതുപോലെ ആമ കമ്പിന്റെ നടുക്ക് കടിച്ച് പിടിച്ചു. കൊക്കുകൾ കമ്പും കടിച്ച് കൊണ്ട് മുകളിലേയ്ക്ക് പറന്നു. ആമ ആദ്യമായിട്ടാണ് ഇങ്ങനെ യാത്ര പോകുന്നത്. അവനു സന്തോഷമായി.കുന്നിൻ മുകളിലൂടെ പറക്കുമ്പോൾ താഴെ കണ്ട പച്ച വിരിച്ച ഭൂമി അവനെ ആകർഷിച്ചു. കൊക്കുകൾ തന്നെയും കൊണ്ട് പറക്കുകയാണെന്നും താൻ വടിയിൽ കടിച്ച് പിടിച്ചിരിക്കുകയാണെന്നും ഉള്ള കാര്യം തന്നെ അവൻ മറന്നു. കണ്ണിൽ പതിഞ്ഞ ആ സൗന്ദര്യത്തെ വർണ്ണിക്കാൻ വേണ്ടി അവൻ വായ തുറന്നു. വടിയിലുള്ള പിടിവിട്ട് അവൻ തലയും കുത്തി താഴെയ്ക്ക് വീണു.പാവം.....കുന്നിൻ പുറത്തേയ്ക്ക് പാറക്കെട്ടിൽ വീണ് അവൻ പൊട്ടിത്തെറിച്ചു.

ഗുണപാഠം: സ്വന്തം നില മറന്ന് പ്രവർത്തിക്കരുത്

# എഴുത്തുകാരൻ



ആരാണ് നീ.........?

പ്രതികരിക്കാനാകാത്ത മാനവികതയെ

പേനയിലും കടലാസിലുമാക്കാൻ

ജോലിയും കൂലിയും,

ബന്ധങ്ങളും ഉറക്കവും നഷ്ടപ്പെടുത്തി

ജീവിതത്തിന്റെ പരമമായസുഖം

എഴുത്താണെന്ന ഉൾവിളിയോടെ

ലോകത്തോട് എന്തൊക്കയോ
വിളിച്ചുപറയാൻ

ഗദ്ഗദംകൊള്ളുന്നവനോ?

പുരസ്കാരങ്ങളുടെ അകമ്പടിയില്ലാതെ

നിന്റെയുള്ളിലെ സംഘർഷത്തെയറിയാൻ

നീപേറുന്ന പേറ്റുനോവറിയാൻ

സൃഷ്ടിക്കുവേണ്ട കാതുകൾവേറിനി.

ഗോകുൽ കൃഷ്ണൻ ജി

൧ എ

# അവൾ

ധാത്രിതൻ മടിയിൽ അവൾ മയങ്ങി
ഒന്നുമറിയാതെ.
അമ്മ അകലുന്നതറിയാതെ അവൾ മയങ്ങി
ഒരു വാക്കും മിണ്ടാതെ തിരിഞ്ഞൊന്നു
നോക്കാതെ പോയതറിയാതെ
അവൾ മയങ്ങി.
ആണല്ലതെന്നറിഞ്ഞ്-അമ്മമ്മ
നീളൻ തുണി കഴുത്തിലണിയിച്ചതും
ഓർക്കാതെ അവൾ മയങ്ങി.
രക്ഷയായ് വന്ന മാതാവെടുത്ത്
മുത്തം തന്നതും പള്ളിതൻ വക്കിൽ
കൊണ്ടാക്കിയതും മറന്ന്
അവൾ മയങ്ങി
അവൾ മയങ്ങി.

അഞ്ജന. എസ്
9 A



അഞ്ജന എ 9 എ

# നിനക്കായ്



*നന്ദന എ ജെ , 10 എ*

എന്റെ കണ്ണീർ വറ്റിയ മിഴികളിൽ
ഒരുതുള്ളിയമൃതമായ് പൊഴിഞ്ഞു നീ...
എന്റെ തന്ത്രി തകർന്ന വീണയി-
ലേഴ സ്വരമായുദിച്ചു നീ...
എന്റെ മരവിച്ച ഞരമ്പുകളിലായിരം
രക്തത്തിൽ കണങ്ങളായൊഴുകി നീ...
എന്റെ നിറമല്ല രാവുകളിലൊരു
ചെറു ചിരിയുമായ് വന്നു നീ...
എന്റെ തുഴയില്ലാ വഞ്ചിയിലൊരു
തുണയായി മാറി നീ...
എന്റെ നീറുന്ന ഹൃദയത്തിലൊരു
വേനൽ മഴയായി തീർന്നു നീ...
എന്റെ ശൂന്യമാം കടലാസിലൊരു
കവിതയായ് വിരിഞ്ഞു നീ...
എന്റെ ഇരുളാർന്ന വീഥിയിലൊരു
തിരിയായി എരിഞ്ഞു നീ...
നിനക്കായ് രാവിന്റെ തീരങ്ങളിൽ മിഴിപ്പൂക്കൾ
പൊഴിച്ചു ഞാൻ കാത്തിരിപ്പൂ...

# അഹങ്കാരിയെ വീഴ്ത്തുന്ന ആയുധം

ആയുധങ്ങൾ ഉണ്ടാക്കാൻ മിടുക്കനാണ് സുകേശൻ. ഒരിക്കൽ അയാൾ പ്രത്യേകതയുള്ള ഒരു അയുധമുണ്ടാക്കി, ഏറ്റവും അഹങ്കാരമുള്ള അൾക്കു നേരെ പാഞ്ഞു ചെല്ലുന്ന ആയുധം.  ആയുധത്തിൻെറ അടുത്തു നിന്നതറിയാതെ സുകേശൻ പറഞ്ഞു- "ഹോ.. ഇതുണ്ടാക്കിയ ഞാൻ മിടുക്കൻ തന്നെ." അടുത്ത നിമിഷം ആയുധം പാഞ്ഞു വന്ന് സുകേശനെ വീഴ്ത്തി.

ഗൗരി. വി
8 A

# അമ്മ


നന്ദന എ ജെ , 10 എ

എങ്ങനെ ചൊൽവു ഞാൻ എൻ അമ്മേ
നീയാണെൻ സർവ്വമെന്ന്
നീയെൻ ചാരെയണയുന്നതോർക്കുമ്പോൾ
മാറോട്ടം ചേർക്കുമ്പോൾ
എൻ കണ്ണുകൾ ഈറനണിയുന്നു
ആ തണുവോട് ചേർന്ന്.....
ആ മാറിൽ ചൂടേറ്റുറങ്ങുവാൻ ഞാൻ കൊതിക്കുന്നു
സ്നേഹത്തിൽ ചാലിച്ചെന്നമ്മ
യെനിക്കേകിയ മൃദുചുമ്പനങ്ങൾ
എന്നെ തഴുകിയുണർത്തുന്നു
വാക്കുകാളാവില്ലെന്നമ്മയിൽ സ്നേഹം
വർണ്ണിക്കാൻ.....
എൻ ഹൃദയ സ്പന്ദനങ്ങളിലോരോന്നിലും
വന്നു നിറയുന്നു എൻതായി നിൻ മുഖം
എൻ ഹൃദയത്തിന്നഗാധമാം വിശപ്പ്
നിന്നോടെന്നറിയുന്നു ഞാൻ എന്നമ്മേ
നിൻ പ്രിയ മകളായ് ഞാൻ...

# അമ്മ

ഒരു നോക്കുകാണുവാൻ
കാത്തു കാത്ത്
കൊതിയോടെ എന്നമ്മ
നിൽക്കുമല്ലോ.....
വെളിച്ചത്തിൽ ദീപം
അണഞ്ഞുപോയാൽ
താങ്ങായും തണലായും
നിൽക്കുമമ്മ
അമ്മതൻ സ്നേഹം
എത്ര കിട്ടിയാലും
അമ്മ തന്നെയുള്ള സത്യം
അമ്മ തന്നെ
പാലൂട്ടി വളർത്തിയ
അമ്മയെക്കാൾ
ഈ ഭൂമിയിൽ
വെറെ ഒന്നുമില്ല
ഓർക്കുക... ഓർക്കുക
കുട്ടികളെ നാം
അമ്മയെ ഒരിക്കലും
കൈവിടല്ലെ....

അലീന എസ്
10 എ

# അമ്മക്കോഴിയും കുഞ്ഞിക്കോഴിയും



*കെസിയ ബൈജു, 9 എ*

ഒരിടത്ത് ഒരു അമ്മക്കോഴിയും കുഞ്ഞിക്കോഴിയും ഉണ്ടായിരുന്നു. അങ്ങനെ അവർ ഒരു ദിവസം തീറ്റതേടാൻ പോയപ്പോൾ ഒരു താറാവ് ഒരു കുളത്തിൽ നിന്ന് മീൻ പിടിക്കുന്നു .അപ്പോൾ കുഞ്ഞിക്കോഴി അമ്മക്കോഴിയോട് ചോദിച്ചു ഞാനും കുളത്തിലിറങ്ങി മീൻ പിടിച്ചോട്ടേ? അപ്പോൾ അമ്മക്കോഴി പറഞ്ഞു പാടില്ല. നമ്മുക്ക് ഈ താറാവിൻെ്റ കൂട്ട് കുളത്തിലിറങ്ങി മീൻ പിടിക്കാൻ പറ്റില്ലെയെന്ന്. കുഞ്ഞിക്കോഴിയോട് അമ്മ പറഞ്ഞു. അപ്പോൾ അമ്മയുടെ വാക്കാനുസരിക്കാതെ ആ കുളത്തിൽ ചാടിയ കുഞ്ഞിക്കോഴി കരയുന്നത് കേട്ട് അമ്മക്കോഴി ഓടിവന്നു. അപ്പോൾ അമ്മക്കോഴിയ്ക്ക് ഒന്നും ചെയ്യാൻ പറ്റിയില്ല. അപ്പോൾ അത് വഴി ഒരു താറാവ് വരുന്നതുകണ്ടു.അപ്പോൾ അമ്മക്കോഴി ഓടിച്ചെന്ന് താറാവിനോട് പറഞ്ഞു എൻെ്റ കുഞ്ഞിനെ രക്ഷിക്കണെ. അപ്പോൾ താറാവ് കുളത്തിൽ ഇറങ്ങി. ആ കോഴിക്കുഞ്ഞിനെ രക്ഷിച്ചു. അപ്പോൾ കുഞ്ഞിക്കോഴി അമ്മയോട് പറഞ്ഞു ഇനി ഞാൻ ഒരിക്കലും അമ്മ പറയുന്നത് അനുസരിക്കാതെ ഇരിക്കില്ലയെന്നുംപറഞ്ഞു. കുഞ്ഞിക്കോഴി അമ്മയോട് മാപ്പ് പറഞ്ഞു

# എൻെറ ഗ്രാമം



*അമൃത എൻ എസ് 9 എ*

എൻെറ കഥയിൽ ഒരു സുന്ദരഗ്രാമമാണുള്ളത്. ഈ ചെറുഗ്രാമത്തിൽ പാവങ്ങളായ കുറച്ചുമനുഷ്യരും അവിടുത്തെ  പ്രകൃതി ഭംഗിയുമാണുള്ളത്.  പ്രകൃതിഭംഗി എന്നുപറയുമ്പോൾ പ്രകൃതി മാത്രമല്ല ആ ഭംഗിയിൽ പങ്കാളി. നാം ഒരു ചുററുപാടിനെ എങ്ങനെ നോക്കിക്കാണുന്നുഎന്നതും ആ പ്രകൃതിയെ ഭംഗിയുള്ളതാക്കുന്നു. വയലും തോടും, കുന്നും പുഴയും, പൂക്കളും,അരുവികളും  പൂമ്പാററകളും, കൊച്ചുകുട്ടികളും എല്ലാം അടങ്ങുന്നതാണ് എൻെറ ഗ്രാമം. എന്നാൽ ആ ഗ്രാമത്തിൽ ഒരു ദുരന്തം ബാധിച്ചിരിക്കുന്നു. നഗരവാസികളായ കുറെ ആളുകൾ അവിടുത്തെ പ്രകൃതി ഭംഗിയെ ചൂഷണം ചെയ്യാൻ എത്തി. അവിടുത്തെ വയലുകളും കുന്നുകളും ഇടിച്ചുനികത്തി അവിടെ ഫ്ളാററ് പണിയാനാണ് അവരുടെ ഉദ്ദേശം.അതിനെ എതിർക്കാൻ ചെന്ന പാവങ്ങളായ നാട്ടുകാരുടെ വീടുകൾ അവർ തീയിട്ടു നശിപ്പിച്ചു.അവർക്ക് വേണ്ടി വാദിക്കാൻ കോടതിയോ വക്കീലോ ഇല്ല.ഈ ഗ്രാമത്തെ എങ്ങനെയെങ്കിലും രക്ഷിക്കണം.അതിനായി ഇവിടെയുള്ള മനുഷ്യർ കുറേ മരങ്ങൾ വച്ചു പിടിപ്പിക്കാൻ തീരുമാനിച്ചു.പക്ഷേ അതിനുവേണ്ടി ഇറങ്ങുന്നവരുടെയെല്ലാം വീട്ടുകാരെ അവർ കൊല്ലുകയും വീടിന് തീ വയ്ക്കുകയും ചെയ്തു. താമസിക്കാതെ തന്നെ ആകെയുള്ള ഈ പച്ചപ്പ് ഇല്ലാതെയാകും എന്ന് ഓർക്കുമ്പോൾ സങ്കടം തോന്നുന്നു. ഇതിന് എന്തെങ്കിലും ഒരു പരിഹാരം കണ്ടില്ലെങ്കിൽ ഈ ഗ്രാമം നശിക്കും. നഗരവാസികളായ ആളുകൾ പ്രകൃതിയോട് ഇങ്ങനെയുള്ള ദ്രോഹം ചെയ്യുമ്പൊൾ ആരും ഒന്നും പറയാതെ ഊമകളെ പോലെ ഇരിക്കുന്നു. ഇത് എന്തൊരു കഷ്ടം. ഇങ്ങനെയായൽ വരും തലമുറയ്ക്ക് ശുദ്ധവായു

പോലും ശ്വസിക്കാൻ കിട്ടിയില്ല. വലിയ വലിയ ഫാക്ടറികളും മറ്റും വച്ച് അതിന്റെ എല്ലാം മലിനമായ പുക അന്തരീക്ഷത്തിലേക്ക് വിട്ട് അന്തരീക്ഷം

ഇല്ലാതെയാകുന്നു. ഭൂമിയെ എങ്ങനെയെങ്കിലും രക്ഷിക്കണം.നമുക്ക് മരങ്ങൾ നട്ട് പിടിപ്പിച്ച് പ്രകൃതിയെ പച്ചക്കുട

ചൂടിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകാം.

“ ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി....”

എന്ന വരികൾ നമുക്കേറ്റു പാടാം. വനങ്ങൾ

വെട്ടിനശിപ്പിച്ചും,കുന്നുകളിടിച്ചും ,വയലുകളും കായലുകളും നികത്തിയും

ഊഷരമായിപ്പോയ പ്രകൃതിയുടെ പച്ചപ്പ് നമുക്ക് തിരികെകൊണ്ടു വരാം,

ഒപ്പം എൻെറ ഗ്രാമത്തെ രക്ഷിക്കുകയുമാവാം.

# ഗ്രാമഭംഗി



ഉണ്ണിമായ യു എസ്, 9 എ

പൂത്തുമ്പികൾ പാറിനടക്കുന്നൊരെൻെറ ഗ്രാമം
പൂക്കളാൽ സമൃദ്ധമാണെൻെറ ഗ്രാമം
പുലരിയിൽ സൂര്യനുണർന്നു വരുമ്പോൾ
പുതുമയിലേക്കുണരുന്നെൻെറ ഗ്രാമം
പുഞ്ചവരമ്പത്തെ പൂനെല്ലിൻ ഭംഗിയിൽ
പുഞ്ചിരി തൂകുന്നൊരെന്റെ ഗ്രാമം
പൂവായ പൂവെല്ലാം തേൻ നുകർന്നീടുമാ
ശലഭത്തിൻ ഭംഗിയെ വാഴ്ത്താനോവയ്യ
പ്രകൃതിതൻ സൗന്ദര്യം കണ്ടിടുമ്പോൾ
മതിമറന്നിരിക്കുന്നൊരെന്റെ ഗ്രാമം

ഉണ്ണിമായ . യു .എസ്

9 A

# ഇന്റർനെറ്റ് സഹായിയോ? തട്ടിപ്പോ?



അച്യുത് സി , 9 എ

നമ്മുടെ സമൂഹത്തെ തന്നെ മാറ്റം വരുത്തിയതാണ് ഇന്റർനെറ്റിന്റെ സാമീപ്യം. ഇതിലൂടെ നമ്മുടെ ജീവിത ശൈലി തന്നെ മാറിയിരിക്കുന്നു. ഇന്റർനെറ്റ് നമ്മുടെ സമൂഹത്തിൽ ധാരാളം നന്മകളും ദൂഷ്യഫലങ്ങളും വരുത്തുന്നു. നമുക്ക് വീട്ടിൽഇരുന്ന്ബാങ്ക്സംബന്ധമായപൈസകൈമാറ്റം നടത്താം,സഞ്ചാരികൾക്ക് വഴികാണിക്കുന്ന തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ നമുക്ക് ഇന്റർനെറ്റ് നൽകുന്നു. ഇതുകൂടാതെ നമ്മൾ പല ഇന്റർനെറ്റ് തട്ടിപ്പുകൾക്കും ഭീഷണികൾക്കും ഇരയാകുന്നു. ഇത് നമ്മളെ നാശത്തിലേക്കും വഴികാട്ടും. അതിനാൽ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്ഇന്റർനെറ്റ്.

# ജീ ബൂം ബാ



*അനന്ദു എം, 9 എ*

വർഷങ്ങൾക്കുമുമ്പ് ബ്രഹ്മപുരി എന്ന കൊട്ടാരം ഉണ്ടായിരുന്നു. അവിടുത്തെ രാജാവ് സൽക്കാരപ്രിയനായിരുന്നു. ഒരു ദിവസം കടൽ തീരത്ത് പായ്ക്കപ്പൽ വന്നിറങ്ങി. അതിൽ ബ്രിട്ടീഷുകാർ വന്നിറങ്ങി. രാജാവ് അവരെ കൊട്ടാരത്തിൽ കൊണ്ടുപോയി. സൽക്കാരപ്രിയനായിരുന്ന രാജാവ് ആ നാട്ടിലെ ഏറ്റവും വലിയ വൈദ്യനായ വൈദ്യരെ കൊണ്ട് ഇതുവരെ ആരും കുടിക്കാത്ത ഒരുതരം സോമരസം ഉണ്ടാക്കി. പച്ചിലകൾ ഉപയോഗിച്ച് സിംഹവാല കുരങ്ങുകളുടെ വിസർജ്യം ഉണക്കി പൊടിച്ച് ഉണ്ടാക്കുന്ന ഒരു രസായന സോമരസം രണ്ട് കുപ്പി ഉണ്ടാക്കി. അതിൽ ഒരു കുപ്പി കൊച്ചുമോൻെറ കയ്യിലും രണ്ടാമത്തെ കുപ്പി കൊട്ടാരത്തിലും കൊണ്ട്പോയി അത് അസാരക്കാർ കുടിച്ചു. കുടിച്ച് തലയ്ക്കുപിടിച്ച അസാരക്കാർ രാജാവിൻെറ ഭാര്യയെക്കണ്ട് അനുരക്തരായി. അതിൽ കോപം കൊണ്ട് രാജാവ് ദേഷ്യപ്പെടുകയും ചെയ്തു. അതുകൊണ്ട് അസരാക്കാർ തൻെറ കൈയ്യിൽ ഇരുന്ന തോക്കു കൊണ്ട് രാജാവിനെയും ഭാര്യയെയും കൊന്നു . ഇനി ഈ രസായനം ആരും കുടിക്കരുതെന്നു പറഞ്ഞ് വൈദ്യനെയും വെടിവച്ചുകൊന്നു. ആ രസായനം കുടിച്ചതോടെ അവർ പല രാജ്യങ്ങളും കീഴടക്കി. അതുകൊണ്ട് അവർക്ക് ഈ രസായനം ആണ് എല്ലാ ഭാഗ്യത്തിനും കാരണമെന്നു തോന്നി. വൈദ്യൻെറ കൊച്ചുമോൻ

ഈ രസായനമാണ് അവരുടെ ഭാഗ്യക്കേടെന്ന് വിചാരിച്ചു. അങ്ങനെ ആ രസായനം തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടു.

# ജീവിത വിജയം


ദേവിപ്രിയ എ, 9 എ

ഒരിടത്തൊരിടത്ത് ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവളുടെ പേരാണ് ഹർഷമിത്ര. എല്ലാവരെപ്പോലെ അവൾക്ക് ഒരു കുടുംബമുണ്ടായിരുന്നു. അച്ഛനും അമ്മയും ഒരു മുത്തച്ഛനും മുത്തശ്ശിയും അടങ്ങുന്ന ഒരു ചെറിയ കുടുംബം. അത്രത്തോളം വലിയ വരുമാനം ഉള്ള കുടുംബമായിരുന്നില്ല അവരുടേത്. എങ്കിലും ഉള്ള വരുമാനം കൊണ്ട് അവർ സന്തോഷത്തോടെ ജീവിക്കുകയായിരുന്നു. എല്ലാ കുട്ടികളെയും പോലെ ഹർഷമിത്രക്കും ഒരു ആഗ്രഹമുണ്ടായിരുന്നു. ആ ആഗ്രഹം എല്ലവരിൽനിന്നും വ്യത്യസ്തമായിരുന്നു. ആ ആഗ്രഹം ആരോടൊക്കെ പറഞ്ഞാലും അവർ അവളെ കളിയാക്കും. അത്രക്കും മോശം ആഗ്രഹം ആയിരുന്നില്ല അവളുടേത്. എങ്കിലും കൂടുതലും ആണങ്ങൾ പങ്കെടുക്കുന്ന ഒരു കളിയായിരുന്നു അത്. അത് ആഗ്രഹം ആക്കിയവരുമുണ്ടായിരുന്നു. ആ ആഗ്രഹം ആരോടൊക്കെ പറഞ്ഞാലും അവർ തന്നെ കളിയാക്കുമായിരുന്നു. അതുകൊണ്ടുതന്നെ അവൾ ആ ആഗ്രഹം മനസ്സിൽ ഒതുക്കി. അവളുടെ സ്കൂൾ വിദ്യഭ്യാസം കഴിയാറായപ്പോഴും അവളുടെ ആഗ്രഹം അവളുടെ മനസ്സിനെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. എങ്ങനെ ഞാൻ ആ ആഗ്രഹം നേടും? ഈ ചോദ്യങ്ങൾ അവളുടെ മനസ്സിനെ എന്നും കൂടുതൽ അലട്ടി. ഒരുനാൾ ധൈര്യം സംഭരിച്ച് അവളുടെ കൂട്ടുകാരോട് അവൾ പറഞ്ഞു. "എനിക്കൊരു ആഗ്രഹമുണ്ട്.'' കൂട്ടുകാർ അവജ്ഞതയോടെ അവളെ നോക്കി എന്നിട്ട് പറഞ്ഞു. "നിന്റെ ആഗ്രഹം നീ ഞങ്ങളോട് പറയാറില്ലല്ലോ പിന്നെന്താ...."അവൾ പറഞ്ഞു. 'അതിനെന്താ ഞാൻ ഇപ്പോൾ പറയുന്നു.എനിക്കൊരു ഫുട്ബോൾ താരമാകണം'.കൂട്ടുകാർ അവളെ അതിശയത്തോടെ നോക്കി യതിനുശേഷം പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു ' നിനക്ക്
ഭ്രാന്താണോ ? പെണ്ണുങ്ങളെക്കൊണ്ട് ഇതിനൊക്കെ കഴിയുമോ ? ഡോക്ടറോ, എഞ്ചിനീയറോ ആണെങ്കിൽ പിന്നെയും പറയാം.' ഹർഷമിത്രയ്ക്ക് വിഷമമായി അവൾ നിരാശയോടെ മടങ്ങി പോയി. അവളെ കളിയാക്കിയവരുടെ കൂടെ നിന്ന രമ്യ എന്ന ഒരു കുട്ടി അവളുടെ അടുത്തേയ്ക്ക് ഓടി വന്നു .എന്നിട്ട്

# കടത്തു വഞ്ചി



*നന്ദന എ ജെ , 10 എ*

അഴങ്ങളിൽ കിടക്കുമൊരു വഞ്ചി
സുന്ദരമായൊരു കടത്തുവഞ്ചി
കായലിനക്കരെയുമിക്കരെയും
മാലോകകരെ കടത്തുന്ന വഞ്ചി.
ദിശയറിയാതെ ദിക്കറിയാതെ
ഭാരമങ്ങനെ പേറുമീ കടത്തുവഞ്ചി
മാതൃസ്നേഹം തുളുമ്പുന്നൊരമ്മയെപ്പോലെ
ഭാരമേറെ വഹിച്ചിടുന്നെൻെറയീ വഞ്ചി
ലോകക്ഷേമത്തിനായി യത്നിച്ചീടുമ്പോൾ
ഇവരെല്ലാം തള്ളീടുന്നെൻെറയീ കടത്തുവഞ്ചിയെ
പുതുതാം പാലത്തിനുവേണ്ടി.....

# കേരളം

മലകളും പുഴകളും മന്ദഹസിക്കും
മലയാളനാടാണ് കേരളം.
കൽപശാഖികൾ നിരന്നനിൽക്കും
മലയാളനാടാണ് കേരളം.
കളകള ശബ്ദമുണർത്തീടും
സുരഭിലമാണെന്റെ കേരളം.
ഛില്-ഛില് ശബ്ദം മീട്ടീടും
മലഞ്ചോലകളുള്ളൊരു കേരളം
ഭാർഗവമഴുവാൽ ഉയർന്നനിൽക്കും
വശ്യതയുള്ളൊരു കേരളം.



*ആര്യലക്ഷ്മി ആർ, 9 എ*

# അവൾ

ധാത്രിതൻ മടിയിൽ അവൾ മയങ്ങി
ഒന്നുമറിയാതെ.
അമ്മ അകലുന്നതറിയാതെ അവൾ മയങ്ങി
ഒരു വാക്കും മിണ്ടാതെ തിരിഞ്ഞൊന്നു
നോക്കാതെ പോയതറിയാതെ
അവൾ മയങ്ങി.
ആണല്ലതെന്നറിഞ്ഞ്-അമ്മമ്മ
നീളൻ തുണി കഴുത്തിലണിയിച്ചതും
ഓർക്കാതെ അവൾ മയങ്ങി.
രക്ഷയായ് വന്ന മാതാവെടുത്ത്
മുത്തം തന്നതും പള്ളിതൻ വക്കിൽ
കൊണ്ടാക്കിയതും മറന്ന്
അവൾ മയങ്ങി
അവൾ മയങ്ങി.

അഞ്ജുന. എസ്
9 A


അഞ്ജന എ 9 എ

## ഈച്ചയും പൂച്ചയും കഞ്ഞിവച്ച



*ദേവിക ജി. 7 എ*

നല്ല ചങ്ങാതിമാരായിരുന്ന ഈച്ചയും പൂച്ചയും.രണ്ടാളുംചേർന്ന് ഒരു കൊച്ചുകടിലുണ്ടാക്കി, അവിടെ സുഖമായി ജീവിതവും തുടങ്ങി. രണ്ടാളും അതിരാവിലെ വീടുവിട്ടിറങ്ങും. എന്തെങ്കിലും ഭക്ഷണം സംഘടിപ്പിക്കും, അതുമായി വീട്ടിൽ വന്ന് പങ്കിട്ടുകഴിക്കും. രാത്രി രണ്ടാളും

ഒരുമിച്ച് പായ വിരിച്ചു കിടന്നുറങ്ങും. ഇതായിരുന്നു പതിവ്. ഒരു നാൾ രാവിലെ എഴുന്നേറ്റപ്പോൾ പൂച്ചക്കൊരു പൂതി. അവൻ ഈച്ചയോടു ചോദിച്ചു " ഏയ്, ചങ്ങാതീ, ഇന്നു നമുക്ക് കുറച്ചു കഞ്ഞിയുണ്ടാക്കി കുടിച്ചാലെന്താ? "അതുകൊള്ളാം പക്ഷേ കഞ്ഞിയുണ്ടാക്കാൻ അരിയും വിറകുമൊക്കെ വേണ്ടേ?" "അതിനു നമ്മൾ എവിടെ പോകും?" ഈച്ച ചോദിച്ചു."അതിനൊക്കെ വഴിയുണ്ടാക്കാം. നീ നമ്മുടെ കഞ്ഞിക്കലം ഒന്നു കഴുകി വെള്ളം നിറച്ച് അടുപ്പിൽ വയ്ക്ക്,ഞാനുടനെ വരാം." പൂച്ച അടുത്ത വീട്ടിലേയ്ക്ക് പാഞ്ഞു. വീട്ടുകാർ കാണാതെ നാഴിയരിയും ഒരു വിറകുകൊള്ളിയും കടിച്ചെടുത്ത് അവൻ മടങ്ങിപ്പോന്നു. അരിയും വിറകുമായിവരുന്ന പൂച്ചയെക്കണ്ട് ഈച്ച സന്തോഷിച്ചു. അവർ വേഗം അരി കഴുകി അടുപ്പത്തിട്ടു. വിറക് ഊതിക്കത്തിച്ച് അടുപ്പിൽ വച്ചു. കുറച്ചുനേരം കഴിഞ്ഞതും വെള്ളം തിളച്ച് അരി വെന്തുനിറഞ്ഞു. കഞ്ഞിയുടെ മണം അവരെ ആഹ്ലാദിപ്പിച്ചു. "ചങ്ങാതി, ഇനി എന്തിനാണ് നമ്മൾ കാത്തിരിക്കുന്നത്? വേഗം കഞ്ഞി കോരിക്കുടിച്ചൂകൂടെ? എനിക്കാണെങ്കിൽ വിശന്നു വയറു കത്തുന്നു." നീയിങ്ങനെ തിരക്കുകൂട്ടിയാലെങ്ങനെയാണ്? ഏതായാലും വേവും വരെ കാത്തില്ലേ? ഇനി എന്തായാലും ഇതൊന്ന് ആറും വരെ ക്ഷമിക്കുന്നതല്ലേ നല്ലത്. കഞ്ഞിയുടെ ചൂടാറുമ്പോഴേയ്ക്കും നമുക്കൊന്നു പുഴയിൽ പോയി കുളിച്ചു വരാം." പൂച്ചപറഞ്ഞു-"ഓ ഞാനിപ്പോൾ കുളിക്കാനൊന്നുമില്ല. ആദ്യം കഞ്ഞികുടിക്കട്ടെ, എന്നിട്ടേയുള്ളൂ മറ്റെന്തും." അക്ഷമയോടെ ഈച്ച പറഞ്ഞു. പൂച്ച പിന്നെ നിർബന്ധിക്കാനൊമന്നും പോയില്ല. ഒരു മൂളിപ്പാട്ടും പാടി പൂച്ച ഇറങ്ങി നടന്നു. പോകുന്നതിനിടയിൽഅവൻ ചങ്ങാതി കേൾക്കെ വിളിച്ചു പറഞ്ഞു. "ദേ പിന്നെ, ഞാൻ മടങ്ങി വന്നിട്ടേ കഞ്ഞി വിളമ്പാവൂ കേട്ടോ." ഈച്ച സമ്മതം മൂളി. എന്നാൽ ഈച്ചയ്ക്ക് കൊതി

അടക്കാനായില്ല. അവൻ കഞ്ഞിക്കലത്തിലേയ്ക്ക് മൂന്നാലുവട്ടം വലം വയ്ച്ചു. അപ്പോൾ തോന്നി ഒരു ചോറു തിന്നാലോ. കലത്തിലേയ്ക്കു നോക്കിയപ്പോൾ കാൽ വഴുതി തിളക്കുന്ന കഞ്ഞിയിലേയ്ക്കു വീണു ചത്തുമലർന്നു. പൂച്ച തിരിച്ചുവന്നപ്പോൾ ചങ്ങാതിയെ വിളിച്ചു. വിളികേട്ടില്ല. കഞ്ഞികുടിക്കാൻ അടുക്കളയിൽ ചെന്ന് കലം എടുത്തപ്പോഴാണ് ആ കാഴ്ച കാണുന്നത്. തന്റെ ചങ്ങാതി കഞ്ഞിയിൽ ചത്തുമലർന്നു കിടക്കുന്നു. പൂച്ചയ്ക്ക് തേങ്ങലടക്കാൻ കഴിഞ്ഞില്ല. പൂച്ചയുടെ വിശപ്പും കൊതിയുമെല്ലാം പെട്ടന്ന് ഇല്ലാതായി.

## അമയും മുയലും

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു ആമയും മുയലും താമസിച്ചിരുന്നു. മുയൽ അഹങ്കാരിയായിരുന്നു. ആമ ഒരു പാവമായിരുന്നു. ഒരിക്കൽ മുയൽ നടന്നു പോകുകയായിരുന്നു.മുന്നിലൊരു വലിയ നദി. മുയലിനു പെട്ടന്ന് എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. അപ്പോഴാണ് ആമ അതു വഴി പോയത്.മുയൽ ആമയോട് സഹായം ചോദിക്കുന്നതിനു മടികാണിച്ചു. മുയൽ നീന്താൻ ശ്രമിച്ചപ്പോൾ മുങ്ങിപോകാൻ തുടങ്ങി. ആമ ഉടൻതന്നെ രക്ഷിച്ചു. എന്നിട്ട് മുയലിനെ പുറത്തുകയറ്റി കരയ്ക്കെത്തിച്ചു. ആമയും മുയലും സുഹൃത്തുക്കളായി.അവർ അങ്ങനെ കാട്ടിൽ സുഖമായി ജീവിച്ചു.

- അമൽ എം-

9 എ

# യാത്രാവിവരണം



*അല്ലി ചന്ദ്രൻ, 9 എ*

ഞാൻ രാവിലെ 4.45 ന് എഴുന്നേറ്റ്മലപ്പുറത്ത് കല്യാണത്തിനാണ് പോകുന്നത്.ഞാനും അമ്മയും ചേട്ടനും 5 മണി ആയപ്പോൾ ഓട്ടോയിൽ കയറി കൊട്ടാരക്കരയിൽ എത്തി. അവിടെ നിന്ന് മാമൻ കാറിൽ കൊണ്ട് പോയി. കൊല്ലം റെയിൽവേസേ്ററഷനിൽ എത്തി.

7.45 ന്റെ ട്രെയിനാണ് പോകേണ്ടത്. ആദ്യമായി ആണ് ട്രെയിനിൽ കയറുന്നത്.അതുകൊണ്ടുള്ള സന്തോഷവും അതിശയം ഉണ്ട്.അങ്ങനെ ട്രെയിൻ വന്നു.ആദ്യമായി ട്രെയിനിൽ കാല്കുത്തി.നല്ല രസമായിരുന്നു. പോകുന്നത് വഴി ഭാരകപ്പുഴയും ബോട്ടും കുത്തെനെയുള്ള ഫ്ളാറ്റും ആകാശം മുട്ടുന്നതരത്തിലുള്ള കെട്ടിടങ്ങളും കണ്ടു. ആലപ്പുഴ കോട്ടയം എറണാക്കുളം തുടങ്ങിയ ഒന്നിലധികം സ്ഥലങ്ങളിലൂടെ കടന്ന് പോയി. കേരളത്തിലെ ഹരിതഭംഗി ആസ്വാദിക്കുന്നത് അപ്പോഴായിരുന്നു.ട്രെയിനിൽ ഇരിക്കുമ്പോൾ പുഴയുടെ മുകളിലൂടെ ആണ് വണ്ടി പോകുന്നത് എന്ന് തോന്നും.സേറ്റഷൻ ഞങ്ങൾ എത്തിയപ്പോഴേക്കും 1.00 മണി ആയി.പിന്നെ ഒരു കാർ വിളിച്ച് ഞങ്ങൾ വല്യാമ്മയുടെ വീട്ടിൽ പോയി.

# സൗഹൃദം



*രൂപരവികുമാർ, 9 എ*

ഒരിടത്ത് ഒരു ചെറിയ ഗ്രാമത്തിൽ രണ്ടു കുട്ടികളുണ്ടായിരുന്നു അവർ രണ്ടുപേരും സാധാരണകുടുംബത്തിലുള്ളവരായിരുന്നു. ദേവൻ നന്നായി പഠിക്കുന്നവനായിരുന്നു. പക്ഷേ രാമൻ അലസനായിരുന്നു.ഇവരോടൊപ്പം പഠിച്ചിരുന്നവനായിരുന്നു മനു .മറ്റു പാവപ്പെട്ടകുട്ടികളെ അവനിഷ്ടമല്ലായിരുന്നു. അഹങ്കാരിയും മടിയനുമായിരുന്നു മനു. എല്ലായ്പ്പോഴും അവൻ രാമനെയും ദേവനെയും ഉപദ്രവിക്കുകയും കളിയാക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം മനു ഒരു കുസൃതി കാണിച്ചു. സ്കൂളിനടുത്തുള്ള ഒരു കടന്നൽ കൂടിന്റെ അടുത്ത് എത്തിയവൻ അത് താഴെ വീഴ്ത്താൻ ശ്രമിച്ചു. ഇത് കണ്ടുകൊണ്ടുവന്ന രാമൻ അതിനെപ്പറ്റിയുള്ള ആപത്ത് അവനെ ബോധ്യപ്പെടുത്തി. പക്ഷേ മനു അത് കാര്യമാക്കിയില്ല. മറ്റു കുട്ടികൾ മനുവിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവൻ കൂടിളക്കിയപ്പോൾ അതിനുള്ളിലിരുന്ന തേനീച്ചകൾ അവനെ പിന്തുടർന്നു. എന്തൊക്കെ ചെയ്തിട്ടും അത് തിരികെ പോയില്ല. അവസാനം രാമനും ദേവനും അവിടെ എത്തിയ മറ്റുകുട്ടികളും മനുവിനെ തനിച്ചാക്കി ഓടിക്കഴിഞ്ഞിരുന്നു. പേടിച്ച് ഓടിരക്ഷപ്പെടുകയായിരുന്ന രാമനും ദേവനുംബ ബുദ്ധിയുപയോഗിച്ചു രക്ഷപ്പെടുത്തി. പിന്നീട് ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യരുതെന്ന് ഉപദേശിച്ചു. എല്ലാം മനസ്സിലാക്കുയ മനു ചെയ്ത തെറ്റുകൾക്ക് മാപ്പു ചോദിച്ചു. അഹങ്കാരം ഉപേക്ഷിച്ച് പിന്നീട് അവർ മൂന്നുപേരും സന്തോഷത്തോടെ സുഹൃത്തുക്കളായി ജീവിച്ചു.

## സ്നേഹം

ഭാഷയാം അമ്മ ഗുരുവാം അമ്മ
അമ്മ നൽകും കാരുണ്യം
സ്നേഹമേ മഹാനിധിയെ
ആ നിധി വെറുതെ കളയരുതേ
ദൈവത്തിൻ കാരുണ്യമേ
കാരുണ്യം കളഞ്ഞാൽ അറിയാമല്ലോ
പിന്നെ അത് തിരിച്ച് കിട്ടുകയില്ല
അമ്മയുടെ കാരുണ്യം ദൈവാനുഗ്രഹമാണ്
ഭാഷയാം അമ്മ ഗുരുവാം അമ്മ
അമ്മ നൽകും കാരുണ്യം
സ്നേഹമേ മഹാനിധിയേ

-ലിജി ജോയി-
10 എ

# രാമുവും കണ്ണനും

വർഷങ്ങൾക്ക്മുമ്പ് ഒരുഗ്രാമത്തിൽ അടുത്തസൗഹൃദം പുലർത്തിയിരുന്നരണ്ടുകർഷകർജീവിച്ചിരുന്നു.നാളുകൾക്കുശേഷം അവർ വിവാഹം കഴിച്ചു.അവർക്ക് ഒരോരോ കുട്ടികളും ജനിച്ചു. ആ കുട്ടികളുടെ പേരായിരുന്നു രാമുവും കണ്ണനും. അവർവലിയ കുട്ടികളായി. രാമുവിന് വലിയ ജോലി കിട്ടി. പക്ഷേ കണ്ണന് ജോലി കിട്ടിയിരുന്നില്ല അതിൽ കണ്ണന് വളരെ വിഷമമുണ്ടായിരുന്നു.



*ജൂബി ജോസ്, 9 എ*

രാമു കണ്ണന് ജോലി കിട്ടാത്തതുകൊണ്ട് അവനെ കളിയാക്കുകയും അവൻ അതിൽ അഹങ്കാരവും കാണിക്കുകയും ചെയ്തു. അവൻ ഷൂട്ട്സും പാന്റും ഇടാൻ തുടങ്ങി. പക്ഷേ കണ്ണൻ മുണ്ടും ഷർട്ടും കർഷകജോലിയും ചെയ്തു. ഒരു ദിവസം രാമുവിന്റെകൂട്ടുകാർ വന്നപ്പോൾ കണ്ണൻ അവരോട് മിണ്ടാൻ പോയി. അവർ ഇംഗ്ലീഷ് പറഞ്ഞപ്പോൾ കണ്ണൻ പറഞ്ഞു "എനിക്ക് ഇംഗ്ലിഷ് അറിഞ്ഞുകൂടാ"എന്ന്. ഇത് രാമുവിന് വളരെ നാണക്കേടായി. അവൻ അവനെ മാറ്റിനിർത്തുകയും ചെയ്തു. ഇത് കണ്ണന്റെ മനസ്സിൽ വിഷമം ഉണ്ടാക്കി. ഒരിക്കൽ രാമുവിന്റെബിസ്സിനസ്സിൽ തകരാർ സംഭവിച്ചു. അവൻ ആകെതളർന്നു. അപ്പോഴാണ് അവൻ ഒരു വാർത്ത അറി-

ഞ്ഞത്. കണ്ണന് ജോലി കിട്ടി. അത് ഒരു നല്ല ബിസ്സിനസ്സ് ജോലി ആണ്. ഇത് രാമുവിന്റെ മനസ്സിൽ ദേഷ്യമുണ്ടാക്കി. രാമു തകർന്ന് വീട്ടിൽ

ഇരുന്നപ്പോൾ കണ്ണൻ പറഞ്ഞു. "ഞാൻ നിനക്ക് ജോലി തരാം".ആദ്യം രാമു ചിന്തിച്ചെങ്കിലും അവൻ സമ്മതിച്ചു. രാമു കണ്ണനെ കെട്ടിപ്പിടിച്ചു.

ഗുണപാഠം:അഹങ്കാരം അമിത ആപത്ത്

# പൂമ്പാറ്റ



അനശ്രീ എസ്, 9 എ

ഏഴു വർണ്ണങ്ങൾ പൂശി നടക്കും
കുഞ്ഞിപൂമ്പാറ്റേ..
ചെല്ലച്ചിറക് വിടർത്തികൊണ്ട്
എങ്ങോട്ടാ നീ
എങ്ങോട്ടാ!
തെച്ചിപൂവിനെ കാണാനാണോ തേൻമുത്ത്
കുടിക്കാനാണോ
എങ്ങോട്ടാ നീ എങ്ങോട്ടാ
പൂവുകൾ തോറും പാറിനടക്കും
ചെല്ലപൂമ്പാറ്റേ
പൂവിത് നിന്നെ കണ്ടിട്ടിതാ
നാണം പൂണ്ട്നിൽക്കുന്നു
നിന്നെ കാണാൻ  എന്തൊരു ഭംഗി
കുഞ്ഞിപൂമ്പാറ്റേ!

# പെയ്തമഴ

മഴ പെയ്ത് മാനം തെളിഞ്ഞു
മേഘത്താൽ അരുണകിരണങ്ങൾ പൊലിഞ്ഞു.
വിതച്ച പയർ മണിവിത്തുകളിൽ
തളിരില വന്നു.
കർഷകരിൽ ജീവിത പ്രതീക്ഷ ഉദിച്ചു.
ശുഭപ്രതീക്ഷയേകി ഇനൻ ശോഭ പൊഴിച്ചു.
സൂര്യകിരണങ്ങളാൽ തളിരിലകൾ
പുഞ്ചിരിതൂകി.
പ്രകൃതിയാകെ മന്ദഹസിച്ചു.

ലക്ഷ്മി എ എസ്
9 എ



*ലക്ഷ്മി എ എസ്, 9 എ*

## ഈച്ചയും പൂച്ചയും കഞ്ഞിവച്ചു




*ദേവിക ജി. 7 എ*

നല്ല ചങ്ങാതിമാരായിരുന്നു ഈച്ചയും പൂച്ചയും.രണ്ടാളുംചേർന്ന് ഒരു കൊച്ചുകടിലുണ്ടാക്കി, അവിടെ സുഖമായി ജീവിതവും തുടങ്ങി. രണ്ടാളും അതിരാവിലെ വീടുവിട്ടിറങ്ങും. എന്തെങ്കിലും ഭക്ഷണം സംഘടിപ്പിക്കും, അതുമായി വീട്ടിൽ വന്ന് പങ്കിട്ടുകഴിക്കും. രാത്രി രണ്ടാളും

ഒരുമിച്ച് പായ വിരിച്ചു കിടന്നുറങ്ങും. ഇതായിരുന്നു പതിവ്. ഒരു നാൾ രാവിലെ എഴുന്നേറ്റപ്പോൾ പൂച്ചക്കൊരു പൂതി. അവൻ ഈച്ചയോടു ചോദിച്ചു " ഏയ്, ചങ്ങാതീ, ഇന്നു നമുക്ക് കുറച്ചു കഞ്ഞിയുണ്ടാക്കി കുടിച്ചാലെന്താ? "അതുകൊള്ളാം പക്ഷേ കഞ്ഞിയുണ്ടാക്കാൻ അരിയും വിറകുമൊക്കെ വേണ്ടേ?" "അതിനു നമ്മൾ എവിടെ പോകും?" ഈച്ച ചോദിച്ചു."അതിനൊക്കെ വഴിയുണ്ടാക്കാം. നീ നമ്മുടെ കഞ്ഞിക്കലം ഒന്നു കഴുകി വെള്ളം നിറച്ച് അടുപ്പിൽ വയ്ക്ക്,ഞാനുടനെ വരാം." പൂച്ച അടുത്ത വീട്ടിലേയ്ക്ക് പാഞ്ഞു. വീട്ടുകാർ കാണാതെ നാഴിയരിയും ഒരു വിറകുകൊള്ളിയും കടിച്ചെടുത്ത് അവൻ മടങ്ങിപ്പോന്നു. അരിയും വിറകുമായിവരുന്ന പൂച്ചയെക്കണ്ട് ഈച്ച സന്തോഷിച്ചു. അവർ വേഗം അരി കഴുകി അടുപ്പത്തിട്ടു. വിറക് ഊതിക്കത്തിച്ച് അടുപ്പിൽ വച്ചു. കുറച്ചുനേരം കഴിഞ്ഞതും വെള്ളം തിളച്ച് അരി വെന്തുനിറഞ്ഞു. കഞ്ഞിയുടെ മണം അവരെ ആഹ്ലാദിപ്പിച്ചു. "ചങ്ങാതി, ഇനി എന്തിനാണ് നമ്മൾ കാത്തിരിക്കുന്നത്? വേഗം കഞ്ഞി കോരിക്കുടിച്ചൂകൂടെ? എനിക്കാണെങ്കിൽ വിശന്നു വയറു കത്തുന്നു." നീയിങ്ങനെ തിരക്കുകൂട്ടിയാലെങ്ങനെയാണ്? ഏതായാലും വേവും വരെ കാത്തില്ലേ? ഇനി എന്തായാലും ഇതൊന്ന് ആറും വരെ ക്ഷമിക്കുന്നതല്ലേ നല്ലത്. കഞ്ഞിയുടെ ചൂടാറുമ്പോഴേയ്ക്കും നമുക്കൊന്നു പുഴയിൽ പോയി കുളിച്ചു വരാം." പൂച്ചപറഞ്ഞു-"ഓ ഞാനിപ്പോൾ കുളിക്കാനൊന്നുമില്ല. ആദ്യം കഞ്ഞികുടിക്കട്ടെ, എന്നിട്ടേയുള്ളൂ മറ്റെന്തും." അക്ഷമയോടെ ഈച്ച പറഞ്ഞു. പൂച്ച പിന്നെ നിർബന്ധിക്കാനൊന്നും പോയില്ല. ഒരു മൂളിപ്പാട്ടും പാടി പൂച്ച ഇറങ്ങി നടന്നു. പോകുന്നതിനിടയിൽഅവൻ ചങ്ങാതി കേൾക്കെ വിളിച്ചു പറഞ്ഞു. "ദേ പിന്നെ, ഞാൻ മടങ്ങി വന്നിട്ടേ കഞ്ഞി വിളമ്പാവൂ കേട്ടോ." ഈച്ച സമ്മതം മൂളി. എന്നാൽ ഈച്ചയ്ക്ക് കൊതി

അടക്കാനായില്ല. അവൻ കഞ്ഞിക്കലത്തിലേയ്ക്ക് മൂന്നാലുവട്ടം വലം വയ്ച്ചു. അപ്പോൾ തോന്നി ഒരു ചോറു തിന്നാലോ. കലത്തിലേയ്ക്കു നോക്കിയപ്പോൾ കാൽ വഴുതി തിളക്കുന്ന കഞ്ഞിയിലേയ്ക്കു വീണു ചത്തുമലർന്നു. പൂച്ച തിരിച്ചുവന്നപ്പോൾ ചങ്ങാതിയെ വിളിച്ചു. വിളികേട്ടില്ല. കഞ്ഞികുടിക്കാൻ അടുക്കളയിൽ ചെന്ന് കലം എടുത്തപ്പോഴാണ് ആ കാഴ്ച കാണുന്നത്. തൻെറ ചങ്ങാതി കഞ്ഞിയിൽ ചത്തുമലർന്നു കിടക്കുന്നു. പൂച്ചയ്ക്ക് തേങ്ങലടക്കാൻ കഴിഞ്ഞില്ല. പൂച്ചയുടെ വിശപ്പും കൊതിയുമെല്ലാം പെട്ടന്ന് ഇല്ലാതായി.

# നന്ദി ....






ജയലക്ഷ്മി എസ്, 9 എ